46189/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

**കീം 2023**

**2023 ലെ ഫാർമസി ( ബി.ഫാം)**
**പ്രവേശനം**
**താത്കാലിക റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2023 ലെ ഫാർമസി (ബി.ഫാം) കോഴ്സിലെ പ്രവേശനത്തിനായുള്ള താത്കാലിക റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **'KEAM 2023 – Candidate Portal' ലെ 'Provisional Rank List'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് റാങ്ക് ലിസ്റ്റ് കാണാവുന്നതാണ്.

സംസ്ഥാന എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ പേപ്പർ-1 (ഫിസിക്സ് & കെമിസ്ട്രി) യുടെ മാർക്കിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (f) പ്രകാരം കണക്കാക്കിയ ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ഫാർമസി (ബി.ഫാം) കോഴ്സിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

അപേക്ഷയിലെ അപാകതകൾ മൂലവും മറ്റ് പല കാരണങ്ങളാലും ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വിദ്യാർത്ഥികളുടെ ഫലം തടഞ്ഞു വച്ചിട്ടുണ്ട്. അപേക്ഷയിലെ അപാകതകളും ഫലം തടഞ്ഞുവയ്ക്കുന്നതിനുള്ള മറ്റ് കാരണങ്ങളും പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് അർഹനാകുന്നില്ല. പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഓരോ വിദ്യാർത്ഥിയും തൃപ്തിപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 6 . 2 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ നേടിയിരിക്കണം. ഇത് പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. താത്കാലിക റാങ്ക് ലിസ്റ്റ് സംബന്ധിച്ച് പരാതി ഉള്ള വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ.മെയിൽ **(ceekinfo.cee@kerala.gov.in) മുഖേന** 02.08.2023 **ഉച്ചയ്ക്ക്** 2.00

46189/2023

**മണിക്കകം** അറിയിക്കേണ്ടതാണ്.

റാങ്ക് ലിസ്റ്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്കും വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
01-08-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**